LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുഞ്ഞമ്പു : ഗവണ്മെന്റു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്. വളരെ കൊല്ലങ്ങൾക്കുമുമ്പു് ഇങ്ങനെയൊരു സമ്പ്രദായം ഉണ്ടായിരുന്നുവെന്നും ഇന്നു് ആ സമ്പ്രദായം ഇല്ലെന്നതാണു് പ്രത്യേകം ചൂണ്ടിക്കാണിച്ചിട്ടുള്ളതു്.

ശ്രീ. ഈ. പി. ഗോപാലൻ : അടിമക്കച്ചവടം ഇല്ലെന്നു് ഉറപ്പിച്ചു പറയുന്നുണ്ടു്. പിന്നെ എന്തു കച്ചവടമാണു് അവിടെ നടക്കുന്നതു്. ഇപ്പോൾ അവിടെ നടക്കുന്നതിനു് എന്താണു പേരു്. ആ ഏർപ്പാടു് അവസാനിപ്പിക്കുന്നതിനുള്ള വ്യക്തമായ നടപടികൾ എന്തെല്ലാം ?

ശ്രീ. കെ. കുഞ്ഞമ്പു : അവിടെ ഇപ്പോഴുള്ളതു് നിൽപ്പുപണം എന്നൊരു സമ്പ്രദായമാണു്. ഒരു കൊല്ലത്തേക്കു് ഒരാളുടെ കീഴിൽ ജോലിചെയ്യുകൊള്ളാമെന്നൊരു സമ്പ്രദായമുണ്ടു്. അതു് അടിമക്കച്ചവടമല്ലെന്നാണു് പറഞ്ഞിരിക്കുന്നതു്.

ശ്രീ. കെ.കെ. ബാലകൃഷ്ണൻ : അന്വേഷണം നടത്തി ഡയറക്ടർ ചില നിർദ്ദേശങ്ങൾ നൽകി എന്നു പറഞ്ഞു ആ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ ?

ശ്രീ. കെ. കുഞ്ഞമ്പു : ഡയറക്ടറുടെ നിർദ്ദേശത്തിൽ ഗിരിവർഗ്ഗക്കാരുടെ കൈവശമുള്ള ഭൂമികൾ അന്യാധീനപ്പെടുത്തുന്ന നടപടികൾ ഇല്ലാതാക്കുന്നതിനുവേണ്ടി അടിയന്തിരമായി നിയമനിർമ്മാണം കൊണ്ടുവരണമെന്നാവശ്യപ്പെട്ടിട്ടുണ്ടു്. അവക്കാവശ്യമുള്ള ഭൂമികൾ പൊന്നുംവിലയ്ക്കെടുത്തു കൊടുക്കുകയും, പുനരധിവാസം നിർവ്വഹിച്ചുകൊടുക്കുകയും ചെയ്യണമെന്നു് ആവശ്യപ്പെട്ടിട്ടുണ്ടു്.

ശ്രീ. എം. നാരായണക്കുറുപ്പു് : ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിൽ നിന്നും ശാശ്വതമായ അടിമക്കച്ചവടമില്ല അല്പാതെയുള്ള അടിമക്കച്ചവടമുണ്ടെന്നാണു് മനസ്സിലാകുന്നതു്. ഇതു് നിറുത്തലാക്കാൻ വല്ല നിയമനിർമ്മാണവും കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. കെ. കുഞ്ഞമ്പു : അതിനെ സംബന്ധിച്ചാണു് പറഞ്ഞിട്ടുള്ളതു് പ്രത്യേകമായ ഒരു നിയമനിർമ്മാണം കൊണ്ടുവരേണ്ട കാര്യം ഡയറക്ടർ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. അതു് ഗവണ്മെന്റിന്റെ പരിഗണനയിൽ ഇരിക്കുകയാണു്.

ശ്രീ. സി. അച്യുതമേനോൻ : അടിമക്കച്ചവടമുണ്ടെന്നുള്ളതിനു തെളിവായി ശ്രീ. ഓ. കോരൻ നിയമസഭയിൽ സമർപ്പിച്ച "കേരളത്തിലെ ആഫ്രിക്ക" എന്ന പുസ്തകമെഴുതിയ ഉദ്യോഗസ്ഥന്റെ മേൽ നടപടി എടുത്തു എന്നു പറയുന്നതു ശരിയാണോ ? ഡയറക്ടറുടെ റിപ്പോർട്ടു പ്രകാരംതന്നെ ഇതു് കുറെയൊക്കെ ഉണ്ടെന്നു പറയുന്ന സ്ഥിതിക്കു് ആ ഉദ്യോഗസ്ഥന്റെ പേരിൽ നടപടി എടുത്തതു ശരിയാണോ ?

ശ്രീ. കെ. കുഞ്ഞമ്പു : നടപടി എടുത്തിട്ടില്ല. ആ ഉദ്യോഗസ്ഥൻ നേരിട്ടു് ബഹുമാനപ്പെട്ട ഒരു മെമ്പർക്കു് ഒരു ലറ്റർ അയയ്ക്കുകയുണ്ടായി. ആ ലറ്ററിന്റെ അടിസ്ഥാനത്തിൽ എന്തു നടപടി എടുക്കണമെന്നു് ആലോചിച്ചുകൊണ്ടിരിക്കുകയാണു്.

ഉച്ചക്കഞ്ഞി വിതരണം

* 519. [3] ശ്രീ. ടി. ഓ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു പ്രൈമറി സ്കൂൾവിദ്യാർത്ഥികൾക്കു് ഏർപ്പെടുത്തിയ ഉച്ചക്കഞ്ഞി വിതരണം നിറുത്തലാക്കാൻ കാരണമെന്തു് ;

(ബി) ഇപ്പോൾ ഉച്ചക്കഞ്ഞി എവിടെയെങ്കിലും നൽകിവരുന്നുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) 1961–62-ൽ ആരംഭിച്ച ഉച്ചക്കഞ്ഞിവിതരണ പരിപാടിക്ക് പ്രതീക്ഷിച്ചപോലെ പൊതുജനസഹകരണം ലഭിക്കായ്കയാലും അതിന്റെ മേൽ വരിച്ച ചെലവു കാരണത്താലും അതു് നിറുത്തലാക്കി. കൂടാതെ കെയർ സംഘടന നൽകുന്ന ക്ഷേണസാധനങ്ങൾകൊണ്ടു് ഉച്ചക്ഷേണം കൊടുക്കുന്നുമുണ്ടു്.

(ബി) ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള സ്കൂളുകളിൽ ഉച്ചക്കഞ്ഞി കൊടുക്കുന്നുണ്ടു്.

ശ്രീ. പി. ചാക്കോ : കേരളത്തിൽ പല ഡിസ്ട്രിക്റ്റുകളിലും ഇപ്പോൾ കെയറിന്റെ ക്ഷേണസാധനങ്ങൾ ഉപയോഗപ്പെടുത്താതിരിക്കുന്നതായി അറിയാമോ ?

ശ്രീ. ആർ. ശങ്കർ : അങ്ങനെ ഉപയോഗപ്പെടുത്താതിരിക്കുന്ന ഡിസ്ട്രിക്റ്റുകൾ ഇല്ല.

ശ്രീ. കെ. കൃഷ്ണപിള്ള : ഈ പദ്ധതി നിറുത്തലാക്കുന്നതിനുമുമ്പു് 1961-62-ൽ പൊതുജനങ്ങളിൽനിന്നു് ആവശ്യമായ ഫണ്ട് ശേഖരിക്കുന്നതിനുവേണ്ടി മന്ത്രിമാരുടെ മേൽനോട്ടത്തിൽതന്നെ ഡിസ്ട്രിക്റ്റുതോറും കമ്മിറ്റികൾ സംഘടിപ്പിച്ചിരുന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ടു്. അങ്ങനെ കിട്ടിയ പണം എന്തിനുവേണ്ടി വിനിയോഗിച്ചു എന്നു പറയാൻ ദയവുണ്ടാകുമോ ?

ശ്രീ. ആർ. ശങ്കർ : കുറെ പണമൊക്കെ ചില സ്ഥലങ്ങളിൽനിന്നു ശേഖരിച്ചു. അങ്ങനെ ശേഖരിച്ച പണം ഈ ആവശ്യത്തിനുതന്നെ ചെലവാക്കി.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : ഇങ്ങനെ ഉച്ചക്കഞ്ഞി നിറുത്തിയ എല്ലാ സ്കൂളുകളിലും കെയറിന്റെ പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : എല്ലാ സ്കൂളുകളിലും കൊടുക്കാൻ വ്യവസ്ഥയുണ്ടു്.

ശ്രീ. കെ. കൃഷ്ണപിള്ള : ഈ പദ്ധതിക്കുവേണ്ടി പണം വിനിയോഗിച്ചതു് വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിൽനിന്നാണോ ?

ശ്രീ. ആർ. ശങ്കർ : പണം ഡിപ്പാർട്ടുമെന്റുദ്യോഗസ്ഥന്മാരുടെ നിയന്ത്രണത്തിലായിരുന്നു.

ശ്രീ. പി. ഗോപാലൻ : കെയറിന്റെ പദ്ധതി അനുസരിച്ചുള്ള സഹായം എല്ലായിടത്തും കൊടുക്കാൻ വ്യവസ്ഥയുണ്ടെന്നു പറഞ്ഞു. എന്നാൽ പല വിദ്യാലയങ്ങളിലും അദ്ധ്യാപകന്മാർക്കു് പല വൈഷമ്യങ്ങളും ഉണ്ടാകുന്നുണ്ടു്. ക്ഷേണസാധനങ്ങൾ പാകപ്പെടുത്തികൊടുക്കാനും മറ്റും വിഷമം ഉണ്ടാകുന്നുണ്ടു്. അതുകൊണ്ടു് എല്ലാ വിദ്യാലയങ്ങളിലും എല്ലാ കുട്ടികൾക്കും കെയറിന്റെ ഈ സഹായം കിട്ടത്തക്കവിധത്തിൽ വേണ്ടതു ചെയ്യാൻ നടപടി എടുക്കുമോ ?

ശ്രീ. ആർ. ശങ്കർ : സർക്കാരിന്റെ ചെലവിൽതന്നെ ഈ സാധനങ്ങൾ ഡിപ്പോകളിൽനിന്നു് എല്ലാ സ്ഥലങ്ങളിലേക്കും എത്തിച്ചു കൊടുക്കാൻ വേണ്ട ഏർപ്പാടു ചെയ്തിട്ടുണ്ടു്. അതിനു പുറമെ ഇതു് പാകപ്പെടുത്തികൊടുക്കുന്നതിനു് ഒരു ചെറിയ തുകയും ഗവണ്മെന്റിൽനിന്നു് സ്കൂളുകൾക്കു കൊടുക്കുന്നുണ്ടു്.

ശ്രീ. കെ. ആർ. വിജയൻ: കെയറിന്റെ ക്ഷേണസാധനങ്ങൾ 16 ലക്ഷം കുട്ടികൾക്കു് പാകം ചെയ്തു കൊടുക്കുന്നതിനു കൂടി ഒന്നുക്കു് അര നയാപൈസാ ചെലവു കണക്കാക്കി കൊല്ലത്തിൽ 17 ലക്ഷം രൂപാ ചെലവു വരുന്നുണ്ടെന്നു ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കർ: അത്രയും അല്ല. ഇപ്പോൾ 50 ലക്ഷത്തോളംരൂപ ആണ്ടിൽ ചെലവാകുന്നുണ്ട്.

ശ്രീ. ഈ. പി. ഗോപാലൻ: ഇപ്പോൾ കൊടുത്തുവരുന്ന കെയറിന്റെ പാലും മാവും കൂട്ടികൊടുക്കുക കഞ്ഞികുപകരം കൊടുക്കുന്ന എന്ന സംതൃപ്തി പ്പെടുകയാണോ ഗവണ്മെന്റ്? കഞ്ഞികൊടുക്കാൻ കഴിയുകയില്ലാ, അതുകൊണ്ട് എന്തെങ്കിലും കൊടുക്കുന്ന എന്നുള്ള നിലയാണോ സ്വീകരിച്ചിട്ടുള്ളത്? കഞ്ഞിതന്നെ കൊടുക്കാൻ വേണ്ടതരത്തിലുള്ള ആലോചന നടത്താൻ ഗവണ്മെന്റ് ഒരുക്കമുണ്ടോ?

ശ്രീ. ആർ. ശങ്കർ: ഈ കഞ്ഞികൊടുക്കുന്ന ഏർപ്പാട് 1960—'61 ലാണ് ആരംഭിച്ചത്. അന്നത്തെ വ്യവസ്ഥ കുട്ടിയൊന്നിന് 6 നയാപൈസാവീതം ചെലവു വരുമെന്നും, ആ ചെലവിൽ നാട്ടുകാർ രണ്ടു നയാപൈസയും കേന്ദ്രഗവണ്മെന്റ് രണ്ടു നയാപൈസയും, ഈ ഗവണ്മെന്റ രണ്ടു നയാപൈസയും, വീതം വഹിക്കണമെന്നും ആയിരുന്നു. ഈ ഗവണ്മെന്റ കൊടുക്കാനുള്ളത് എല്ലാം കൊടുത്തു. കേന്ദ്രഗവണ്മെന്റിനോട് നിവേദനം നടത്തിയിട്ട് അക്കൊല്ലം ഒന്നും കിട്ടിയില്ല. നാട്ടുകാരിൽനിന്നും വിചാരിച്ച പോലെയുള്ള സഹകരണം ലഭിച്ചുമില്ല. 1960 ഡിസംബറിലാണ് കെയറുമായി ഒരു എഗ്രിമെന്റിലെത്തിയത്. അവർ ആവശ്യമുള്ള ഭക്ഷണസാധനങ്ങളും യാതൊരു ചെലവും കൂടാതെ എത്തിച്ചുതരാമെന്നു സമ്മതിച്ചു. അങ്ങനെ അന്നുമുതൽ ഇതു നടത്തുകയാണ്. ഉച്ചക്കഞ്ഞിയിലുള്ള പോഷകാംശത്തിന്റെ നാലിരട്ടിയിൽ കുറയാതുള്ള പോഷകാംശം ഇതിലുണ്ട്. കഞ്ഞി വെറും സ്റ്റാർച്ച് മാത്രം അടങ്ങുന്ന ഭക്ഷണമാണ്. ഇതിൽ കാൽസീൽ, വെജിറ്റബിൾ ആയിൽ, പാൽ എന്നിവ ഉൾപ്പെടുന്നു. ഇതിന്റെ മൂന്നിരേയും nutritive value നോക്കുകയാണെങ്കിൽ വളരെ ഏറെ മെച്ചമാണ്. ഇപ്പോൾ പ്രൈമറിസ്കൂളുകളിലെ 16 ലക്ഷം കുട്ടികൾക്ക് ഇതു കൊടുത്തുവരുന്നുണ്ട്. കഞ്ഞികൊടുക്കുന്നതിന് 6 നയാപൈസാ കണക്കാക്കിയിട്ടുള്ളപ്പോൾ ഈ സാധനത്തിന്റെ യഥാർത്ഥത്തിലുള്ള വില കുട്ടി ഒന്നുക്ക് 21 നയാപൈസയാണ്. ആ സാധനങ്ങളുടെ ആകപ്പാടെയുള്ള വില 8 കോടിയിൽ കൂടുതലാണ്. അതുകൊണ്ട് അവർ ചെയ്യുന്ന സഹായം നന്ദിപൂർവ്വം ഗവണ്മെന്റ് സ്വീകരിക്കുകയാണ്.

എൻ. ഈ. എസ്. ബ്ലോക്കുകളും ജീപ്പുകളും

* 520. [4] ശ്രീ. ആർ. സുഗതൻ: † താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു ഇപ്പോൾ ആകെ എത്ര എൻ. ഈ. എസ്. ബ്ലോക്കുകൾ ഉണ്ട്;

(ബി) ഇവയിൽ 1—ാം സ്റ്റേജിലുള്ളവ എത്ര;

ടി 2—ാം സ്റ്റേജിലുള്ളവ എത്ര;

ടി 3—ാം സ്റ്റേജിലുള്ളവ എത്ര;

(സി) എല്ലാബ്ലോക്കുകളിലുംകൂടി സ്റ്റേറിന്റെ ചെലവിൽ അനുവദിച്ചു കൊടുത്തിട്ടുള്ള ജീപ്പുകൾ എത്ര;

(ഡി) ഒരു കൊല്ലം ഈ ജീപ്പുകൾക്കെല്ലാംകൂടി വേണ്ടിവരുന്ന പെട്രോൾ, ഓയിൽ ചെലവ് എത്ര രൂപാ?

†Put by shri E. P. Gopalan.

LIBRARY ARCHIVES Kerala Legislative Assembly